**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2016-2021, 2021-2025 കാലഘട്ടങ്ങളിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2016-2021, 2021-2025 കാലഘട്ടങ്ങളിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (ബി) | ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ; | (ബി) | ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (സി) | നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള എന്ത് സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റി ജലം സംരക്ഷിക്കുന്നതു സംബന്ധിച്ച വിശദാംശം അനുബന്ധം (സി) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

2016-2025 കാലഘട്ടത്തിൽ കേരളത്തിൽ ശാസ്ത്രീയമായ രീതിയിൽ സമഗ്ര ജലവിഭവ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപുലമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമായിരുന്നിട്ടും (ഏകദേശം 3000 മി.മീറ്റർ), മഴക്കാലം കഴിയുന്നതോടെ അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കാൻ ജലസേചന വകുപ്പ് ശാസ്ത്രീയവും ജനപങ്കാളിത്തത്തോടു കൂടിയതുമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി നദീതടത്തിനകത്തു വരുന്ന ചെറു നീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തടപ്ലാനുകൾ", റിഡ്ജ്-ടു-വാലി (Ridge-to-Valley) സമീപനത്തിലൂടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള മുൻഗണനാപട്ടിക നിർദ്ദേശിക്കുന്നു. സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടു കൂടിയ സന്നദ്ധപ്രവർത്തന സ്വഭാവത്തിൽ ജലസ്രോതസ്സുകൾ പരിപാലിക്കുന്ന "ഇനി ഞാനൊഴുകട്ടെ" പോലുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

കൂടാതെ, കുളങ്ങളുടെ പുനരുജ്ജീവനം, തോടുകളിലെ നീരൊഴുക്ക് സുഗമമാക്കൽ, ഭൂജലപോഷണത്തിനായി ചെറുകിട തടയണകളും വെന്റഡ് ക്രോസ് ബാറുകളും നിർമ്മിക്കൽ എന്നിവയ്ക്കൊപ്പം നദികളെ പ്രാദേശിക ജലസംഭരണികളാക്കി മാറ്റുന്ന റെഗുലേറ്ററുകൾക്കും പ്രാധാന്യം നൽകുന്നുണ്ട്. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി തയ്യാറാക്കിയ സംയോജിത നദീതട സംരക്ഷണ പ്രവർത്തന ചട്ടക്കൂട്(OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) നിലവിൽ വരികയും ചെയ്തിട്ടുണ്ട്. സർക്കാർ ഏജൻസികൾ, സിവിൽ സൊസൈറ്റി, പ്രാദേശിക സമൂഹങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ സുസ്ഥിരമായ ജലപരിപാലനം ഉറപ്പാക്കുകയാണ് ഈ പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം. പമ്പാ നദീതട പരിപാലനം ലക്ഷ്യമാക്കി പമ്പാ നദീതട മാനേജ്മെന്റ് പ്ലാൻ നിലവിൽ വന്നു.

സംസ്ഥാനത്ത് സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി സർക്കാർ പ്രധാനമായും കേരള ജലവിഭവ വിവര സംവിധാനം (Kerala Water Resources Information System - K-WRIS) എന്ന പദ്ധതി (website) നടപ്പിലാക്കിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (RKI) സാമ്പത്തിക സഹായത്തോടെയാണ് ഈ സംവിധാനം വികസിപ്പിച്ചത്. ഈ സംവിധാനം ദുരന്തനിവാരണത്തിനും, സുസ്ഥിരമായ ജലവിഭവ മാനേജ്മെന്റിനും നയരൂപീകരണത്തിനും വലിയ മുതൽക്കൂട്ടാണ്.

ഭൂജല വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാം തന്നെ സമഗ്രമായ ജല വിഭവ മാനേജ് മെന്റ് ഉറപ്പ് വരുത്തുന്നു . ആയതിൽ പ്രധാനമായും സംസ്ഥാനത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ് മെന്റ് ഉറപ്പുവരുത്തുന്നതിനായി സുസ്ഥിര

ഭൂജല വികസനം ലക്ഷ്യമാക്കിക്കൊണ്ട് ഭൂജലസ്രോതസ്സുകളുടെ പരിപാലനം, ഭൂജലസംപോഷണം എന്നീ മേഖലകളിൽ ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ ഏകോപിപ്പിച്ചു വരുന്നു. കൂടാതെ 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജല സ്രോതസ്സുകളുടെ വിവരശേഖരണവും (വെൽ സെൻസസ് ) സമഗ്ര ജലവിഭവ മാനേജ് മെന്റിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു .

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനു വേണ്ടി "Kerala Rural Water Supply and Sanitation Agency" (KRWSA) മുഖേന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി "മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും" എന്ന ശീർഷകത്തിൽ മഴവെള്ളസംഭരണ, ഭൂജല പരിപോഷണ പ്രവൃത്തികൾ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ചെയ്തുവരുന്നുണ്ട്. "കിണർ റീചാർജ്ജ് & ആൾമറ നിർമ്മാണം" എന്ന ശീർഷകത്തിൽ കിണറുകൾ, ബോർവെല്ലുകൾ എന്നിവയിൽ റീചാർജ്ജ് പ്രവൃത്തികളും, മലിനജല സംസ്കരണ പ്ലാന്റ് ഗാർഹിക കിണറുകളെ സുരക്ഷിതമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്ന പദ്ധതി, ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പ് വരുത്തുന്ന ജലാശയങ്ങളുടെ പുനരുജ്ജീവനം പദ്ധതി, ജല ഗുണനിലവാര നിരീക്ഷണം, മലിനജല സംസ്കരണം, ജലത്തിന്റെ സുരക്ഷിതമായ വിനിയോഗത്തിനും പദ്ധതി പങ്കാളികളിലും ഭാവി വാഗ്ദാനങ്ങൾ ആയ കുട്ടികളിലും അവബോധം സൃഷ്ടിക്കുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് "ജലശ്രീ ക്ലബുകൾ" രൂപീകരിച്ച് പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

ശാസ്ത്രീയവും സമഗ്രവുമായ ജല വിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനു സഹായകരമായ രീതിയിൽ 2017-18 വർഷത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 1034 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാനപ്പെടുത്തി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിരുന്നു. . ഈ നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനം നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ ചുള്ളാളം വാട്ടർഷെഡിൽ നടപ്പിലാക്കിയ സൂക്ഷ്മ നീർത്തടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ജനകീയ നീർത്തട വികസന പദ്ധതിയാണ് 'നീരുറവ്'. ഈ പദ്ധതി ഹരിത കേരളം മിഷന്റെ സഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവത്തനം സംഘടിപ്പിച്ചു. ഇവിടങ്ങളിൽ 'നീരുറവ്' മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ നീരുറവ് പ്ലാൻ കൂടി പരിഗണിച്ചാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാന ജലസേചന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ (CWRDM) സാങ്കേതിക പിന്തുണയോടെ ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള ഒരു രീതി വികസിപ്പിച്ചു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 529

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന സ്ഥലങ്ങളിൽ ഇതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

2016-2021, 2021-25 കാലഘട്ടങ്ങളിൽ ജലവിഭവ മാനേജ്മന്റ് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മംഗലം ഡാമിൽ നിന്നും 5.29% silt നീക്കം ചെയ്തിട്ടുണ്ട്. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ചിറ്റൂർപുഴ പദ്ധതിക്കു കീഴിൽ വരുന്ന വെങ്കലക്കയം ഏരി, കമ്പാലത്തറ ഏരി എന്നിവിടങ്ങളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിലെ കനാലുകളുടെ അറ്റകുറ്റപണികൾ നടത്തി ജലവിതരണത്തിലെ നഷ്ടം കുറച്ച് കാർഷിക കലണ്ടർ പ്രകാരം ജലവിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് ജല മാനേജ്മെന്റ് ഉറപ്പുവരുത്തുന്നുണ്ട്.

## അനുബന്ധം (ബി)

ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി ഭൂജലവകുപ്പ് മുഖേന ഭൂജലസംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി നടപ്പിലാക്കി വരുന്നു. തുറന്ന കിണർ / കുഴൽ കിണർ റീച്ചാർജ്, റീച്ചാർജ് പിറ്റുകളുടെ നിർമ്മാണം , ചെറിയ തടയണയുടെ നിർമ്മാണം,ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കുന്നത്

ഭൂജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കുവാനും ഭൂജലപോഷണം സാധ്യമാക്കുന്നതുമായ വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കുന്നു. മഴവെള്ള സംഭരണം വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനായി ചളി/എക്കൽ എന്നിവ മാറ്റുക, നദികളിൽ തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ ഭൂജലപോഷണം സാധ്യമാകുന്നു. കൂടാതെ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കുക വഴി ഭൂജലത്തിന്റെ ചൂഷണം തടയാനും ശരിയായ ജല വിനിയോഗത്തിനും സാധിച്ചിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും നേതൃത്വത്തിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് ആകെ 62921 കിണറുകളിൽ റീച്ചാർജ്ജിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 25241 കുളങ്ങൾ പുനരുജീവിപ്പിക്കുകയും 18883 കുളങ്ങളും 23158 കിണറുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 412 കിലോമീറ്റർ നീളത്തിൽ പുഴകളും 45736 കിലോമീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും നേതൃത്വത്തിൽ 2021 ഏപ്രിൽ മുതൽ 2025 ഡിസംബർ 31 വരെ സംസ്ഥാനത്ത് 10723 കിണറുകളിൽ റീച്ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 4376 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും 6055 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 10 കിലോമീറ്റർ നീളത്തിൽ പുഴകളും 54770.59 കിലോമീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 978 സ്ഥിരം തടയണകളും 86151 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്.

## അനുബന്ധം (സി)

നദികളെത്തന്നെ ചെറു ജലസംഭരണികളാക്കുന്ന പ്രവർത്തനം നിലവിൽ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. നദികളുടെ കര പ്രദേശത്തിന് ആവശ്യമായ ഉയരം (bank height) ലഭ്യമാകുന്ന ഇടങ്ങളിലാണ് നദികളെ ചെറു സംഭരണികളാക്കാൻ കഴിയുന്ന റെഗുലേറ്ററുകൾ/ തടയണകൾ എന്നിവ നിർമ്മിക്കുന്നത്. നദിയുടെ അടിത്തട്ടിന്റെ ചരിവ്, പ്രളയ സാധ്യത തുടങ്ങിയ ഘടകങ്ങൾ കൂടി പരിഗണിച്ചാണ് ഇത്തരം സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്നത്. നദികളിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിവിധ ഘടനകളായ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ വിഭാവനം ചെയ്യുകയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചു നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഇതു വഴി നദികളെ ചെറു സംഭരണികൾ ആയി പരിണമിപ്പിക്കുവാൻ കഴിയുന്നതാണ്.

നദികളെ ജലസംഭരണികളാക്കിക്കൊണ്ട് നദികൾക്കുള്ളിൽ തന്നെ ജലം ശേഖരിച്ചു നിർത്താൻ കഴിയുന്ന തരത്തിൽ ഗോവൻ മാതൃകയിലുള്ള ബന്ധാരകളുടെ നിർമ്മാണം ഹരിതകേരളം മിഷന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിൽ ഇത്തരത്തിൽ ബന്ധാരകൾ നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് ഇതിനായുള്ള പദ്ധതിയ്ക്ക് രൂപം നൽകി പ്രവർത്തനം നടത്തി വരുന്നു.

2017-18 ബജറ്റ് പ്രസംഗത്തിൽ റെഗുലേറ്ററുകളും തടയണകളും വഴി നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് നദികളിൽ റെഗുലേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നു. അതനുസരിച്ച് ഓരുവെള്ള നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, അച്ചൻകോവിൽ, മണിമല, വാമനപുരം തുടങ്ങിയ നദികളിൽ കിഫ്ബിയുടെ ധനസഹായത്തോടെ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിന് ₹600 കോടി രൂപ വകയിരുത്തി. തുടർന്ന് കേരളത്തിലെ വിവിധ നദികളിലായി കിഫ്ബി ധനസഹായത്തോടെ റെഗുലേറ്റർ നിർമ്മാണ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. അവ:

1. റെഗുലേറ്റർ - പുഴങ്കാവ്, വടകരപ്പള്ളി, മൂതികയം, ഉമ്മൻചിറ, മുട്ടിയിക്കൽ-അട്ടത്തറ.
2. റെഗുലേറ്റർ കം ബ്രിഡ്ജ് - പെരിഞ്ചേരിക്കടവ്, പൂളക്കടവ്, കാനാതോട്, കുപ്പം, കാങ്കകടവ്.
3. ലോക്കോട്ടുകൂടിയുള്ള റെഗുലേറ്റർ - അഞ്ചരക്കണ്ടി, കൊണോത്തുപുഴ.
4. റെഗുലേറ്റർ കം ഫുട് ബ്രിഡ്ജ് - കാലടിക്കുന്ന്. ഇതിൽ അഞ്ചരക്കണ്ടി, വടകരപ്പള്ളി, പുഴങ്കാവ്, ഉമ്മൻചിറ റഗുലേറ്റർ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമൂലം ഏകദേശം 17293 ഹെക്ടർ പ്രദേശത്ത് ജലസേചനം, 535 എം.എൽ.ഡി. കുടിവെള്ള ലഭ്യത, ഭൂഗർഭജലത്തിന്റെ ലഭ്യത, ഓരുവെള്ളക്കയറ്റ നിയന്ത്രണം എന്നിവ ഉറപ്പാക്കുന്നു. ഇവയ്ക്ക് പുറമെ കിഫ്ബി ധനസഹായത്തോടെ ഇടുക്കി ജില്ലയിൽ ചിന്നാർ നദിക്ക് കുറുകെ ചെക്ക് ഡാം, ചെറുതോണിയിൽ പെരിയാർ നദിക്ക് കുറുകെ വെന്റഡ് ക്രോസ് ബാർ (വി.സി.ബി) കം കോസ്‌വേ പദ്ധതിയും, പാൽകുളം തോടിന് കുറുകെ സെമിനാരിപ്പടി ചെക്ക് ഡാം കം ബ്രിഡ്ജ് പദ്ധതിയും, ജൽ ജീവൻ മിഷൻ - ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണ പദ്ധതിയും നടപ്പിലാക്കി വരുന്നു.